# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 16 | 2019 |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

# ചെന്നൈ സ്റ്റൈൽ സമ്പ്രദായ കച്ചേരിയുമായി ആറന്മുള സുഹൃത്തുക്കൾ

ഓടക്കുഴലും വായ്പ്പാട്ടും സമന്വയിപ്പിച്ച് സുഹൃത്തുക്കൾ അവതരിപ്പിച്ച ക ച്ചേരി ശ്രദ്ധേയമായി. സുഹൃത്തുക്കളും ആറന്മുള സ്വദേശികളുമായ വി ബാ ലമുരളി, സുജിത്കുമാർ ശബരി എന്നിവരുടെ നേതൃത്വത്തിലായിരുന്നു ക ച്ചേരി. ഒരേ വേദിയിൽ ര ിനങ്ങൾ അവതരിപ്പിച്ചത് കാണികൾക്ക് കൗതുക മായി. വി ബാലമുരളി വോക്കൽ കച്ചേരിക്കും സുജിത്കുമാർ ശബരി ഫ്ളൂട്ടി നുമാണ് നേതൃത്വം നൽകിയത്. കച്ചേരിക്ക് മാറ്റ്കൂട്ടാൻ പക്കമേളമായി തങ്ങ ളുടെ മറ്റ് സുഹൃത്തുക്കളെ കൂടി ഇവർ പങ്കെടുപ്പിച്ചു. കഴിഞ്ഞ നാലുവർഷമാ യി ശബരിമല ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ നടന്നുവരുന്ന സോപാന സംഗീതം, ഭജന, കച്ചേരി എന്നിവയ്ക്ക് പക്കമേളവുമായി എത്തിയിട്ടു ബാലമുരളിയും സുജിത്കുമാറും. എന്നാൽ ആദ്യമായാണ് ഇവർ കച്ചേരി അ വതരിപ്പിക്കുന്നത്. മറ്റ് സുഹൃത്തുക്കളായ അമൽദേവ് മാന്നാർ വയലിനും, അമൽജിത്ത് പുറമറ്റം ഗഞ്ചിറയും ശിവശങ്കരൻ വൈക്കം ഘടവും വായിച്ചു.

(പി.ആർ. ശബരി-178)

## ഭജന അവതരിപ്പിച്ചു

പുല്ലാട് ശ്രീവിഘ്നേശ്വര ഭജൻസ് സന്നിധാനത്ത് ശരണംവിളിയും ഭജനയും അവതരിപ്പിച്ചു. പുല്ലാട് സതീഷ്ചന്ദ്രൻ നയിക്കുന്ന പുല്ലാട് ശ്രീവിഘ്നേശ്വര ഭജൻസിന്റെ നേതൃത്വത്തിലുള്ള സംഘം തുടർച്ചയായി അഞ്ചാം തവണയാണ് സന്നിധാനത്തെത്തി പരിപാടികൾ അവതരിപ്പിക്കുന്നത്.

(പി.ആർ. ശബരി-179)

## സന്നിധാനത്തെ ആയുർവേദ ആശുപത്രിയിൽ മസാജ് ചികിത്സാ സൗകര്യം

മല ചവിട്ടി തളർന്നെത്തുന്ന അയ്യപ്പഭക്തരുടെ ശാരീരികാസ്വസ്ഥതകൾക്ക് ആശ്വാസമേകാൻ സന്നിധാനത്തെ ആയുർവേദ ആശുപത്രിയിൽ മസാജ് ചികിത്സ ആരംഭിച്ചു. കുത്തനെയുള്ള കയറ്റവും ഇറക്കങ്ങളുമുള്ള, കിലോമീറ്ററുകൾ നീ കാനന യാത്രയ്ക്കു ശേഷം കടുത്ത മസിൽ വേദനയും സന്ധിവേദനയും അനുഭവിച്ച് സന്നിധാനത്തെത്തുന്ന ഭക്തർക്ക് വലിയ ആശ്വാസമാവുകയാണ് മസാജ് ചികിത്സ.

ര ് തെറപ്പിസ്റ്റുകളുടെ സേവനമാണ് ഇതിനായി ഇവിടെ പുതുതായി ലഭ്യമായിട്ടുള്ളത്. പ്രത്യേകതരം ലാമ്പ് ഉപയോഗിച്ചുള്ള ഇൻഫ്രാറെഡ് ചികിൽസ, മർമ്മചികിൽസ എന്നിവ സംയോജിപ്പിച്ചാണ് ഈ ചികിൽസ. ഈ സംവിധാനം വിപുലീകരിച്ച് കൂടുതൽ ഭക്തജനങ്ങൾക്ക് സേവനം ലഭ്യമാക്കാനുള്ള ശ്രമത്തിലാണ് ആശുപത്രി അധികൃതർ.

പ്രതിദിനം എഴുന്നൂറോളം ഭക്തജനങ്ങൾ പലവിധ ആരോഗ്യ പ്രശ്നങ്ങളുമായി ഈ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തുന്നു ന്ന് ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. ആർ.വി. അജിത് അറിയിച്ചു. ഈ സീസണിൽ ഇതുവരെ 18,822 രോഗികൾ ഇവിടെ നിന്ന് ചികിത്സ നേടി. ആൻറിബയോട്ടിക്കുകളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്ന വിധത്തിൽ സൗകര്യപ്രദമായ പാക്കിംഗുകളിൽ ഫലപ്രദമായ ഔഷധങ്ങളാണ് ഇവിടെ നിന്ന് വിതരണം ചെയ്തു വരുന്നതെന്നും മെഡിക്കൽ ഓഫീസർ പറഞ്ഞു.

പൊടിയും മഞ്ഞും മൂലമുള്ള ശ്വസന സംബന്ധമായ അസ്വസ്ഥതകൾക്ക് പരിഹാരമായി ഫലപ്രദമായ ഒരു ചേരുവ ഉപയോഗിക്കുന്ന ഔഷധമാണ് ഇവിടെ വിതരണം ചെയ്യുന്നുത്. ഈ സീസണിൽ ഇത് അഞ്ചാമത്തെ ബാച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഓരോ ബാച്ചിലും 14 പേരടങ്ങുന്ന ടീമു ്. അഞ്ച് ഡോക്ടർമാർ, ര ് ഫാർമസിസ്റ്റുകൾ, ര ് തെറപ്പിസ്റ്റുകൾ, ര ് നഴ്സിങ് അസിസ്റ്റന്റുമാർ എന്നിവർ സംഘത്തിലു ്. പ്രത്യേകതരം മരുന്നുകൾ ചേർത്ത് ആവി പിടിക്കാനുള്ള സൗകര്യം പ്രതിദിനം നൂറിൽപ്പരം രോഗികൾക്ക് നൽകാൻ സാധിക്കുന്നു ്.

തീർഥാടകരുടെ സൗകര്യാർഥം എരുമേലി, പമ്പ, സന്നിധാനം എന്നിങ്ങനെ മൂന്നിടങ്ങളിലായി പ്രത്യേക ടീമുകൾ പ്രവർത്തിക്കുന്നു. ആശുപത്രിയുടെ പരിസരത്ത് പാമ്പുകളുടെ വിഹാരകേന്ദ്രമായ സ്ഥലത്തെ മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യാൻ ആയുർവേദ ആശുപത്രി മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഡോ. രഘുനാഥൻ, ഡോ. ശ്രീനിവാസൻ, ഡോ. കൃഷ്ണകുമാർ, ഡോ. രതീഷ്കുമാർ എന്നിവരുടെ സംഘം പ്രവർത്തന നിരതരായതും മാതൃകയായി. ആറ് പാമ്പുകളെ ഇവിടെ നിന്നും പിടികൂടി വനംവകുപ്പ് അധികൃതർക്ക് കൈമാറി.

(പി.ആർ. ശബരി-180)

## മലിനീകരണ നിയന്ത്രണബോർഡിന്റെ സ്ഥിരം ലാബ് പ്രവർത്തനം ആരംഭിച്ചു

സന്നിധാനത്ത് ജലത്തിന്റെ ശുദ്ധത പരിശോധിക്കുന്നതിന് ആരംഭിച്ച ആധുനിക സൗകര്യങ്ങളോടെയുള്ള സ്ഥിരം ലാബിന്റെ പ്രവർത്തനം മലിനീകരണ നിയന്ത്രണബോർഡ് ചെയർമാൻ ഡോ. അജിത് ഹരിദാസ് ഉദ്ഘാടനം ചെയ്തു. ബേയ്‌ലിപാലത്തിന് സമീപം പ്രവർത്തിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലാണ് പുതിയ ലാബ് സജ്ജീകരിച്ചിട്ടുള്ളത്.

സന്നിധാനത്ത് ആദ്യമായാണ് ജലത്തിന്റെ ശുദ്ധത പരിശോധിക്കുന്നതിന് സ്ഥിരം ലാബ് ആരംഭിച്ചിരിക്കുന്നത്. നേരത്തെ പമ്പയിൽ മാത്രമാണ് ജല പരിശോധനാ ലാബിന്റെ പ്രവർത്തനം ഉ ായിരുന്നത്. വിവിധസ്ഥലങ്ങളിൽ നിന്ന് ശേഖരിക്കുന്ന ജലത്തിലെ മാലിന്യത്തിന്റെ അളവും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ പരിശുദ്ധിയും പരിശോധിക്കാൻ ഈ സംവിധാനം പ്രയോജനകരമാകും.

ഭസ്മക്കുളത്തിലെ വെള്ളത്തിന്റെ പരിശുദ്ധി നിലനിർത്താൻ ആവശ്യമായ സംവിധാനം സ്വീകരിക്കുമെന്ന് ചെയർമാൻ പറഞ്ഞു. പമ്പയിലെ വെള്ളത്തിന്റെ അളവ് ഇപ്പോൾ തൃപ്തികരമാണ്. എന്നാൽ മഴ കുറയുകയും വേനൽ കടുക്കുകയും ചെയ്താൽ പമ്പയിൽ വെള്ളത്തിന്റെ അളവ് കുറഞ്ഞേക്കും. ഇത് പരിഹരിക്കാൻ വേ നടപടികൾ സ്വീകരിക്കും. സന്നിധാനത്ത് മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യാനുള്ള സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നു ്. ഭക്ഷ്യമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങളാണ് ഇപ്പോൾ പൂർണമായും ഫലപ്രദമല്ലാത്തത്. അടുത്ത സീസണോടെ ഇതിനും പരിഹാരമാകുമെന്നും ചെയർമാൻ പറഞ്ഞു. പത്തനംതിട്ട ജില്ലാ പരിസ്ഥിതി എൻജിനീയർ അലക്സാ ർ ജോർജ്ജ്, അസിസ്റ്റന്റ് പരിസ്ഥിതി എൻജിനീയർമാരായ ജോസ്മോൻ ജെ, അനിഗർ കെ.ആർ തുടങ്ങിയവർ സംബന്ധിച്ചു.

(പി.ആർ. ശബരി-181)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഡിസംബർ 16<br>**December 16** | **2019** |
|---|---|

***1193 വൃശ്ചികം 30 തിങ്കൾ***

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്**
**അടിയന്തിര നടപടി: ജില്ലാ കളക്ടർ**

ജില്ലയിൽ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. ജില്ലാ റോഡ് സുരക്ഷാ സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. എംസി റോഡിൽ തിരുവല്ല കെഎസ്ആർടിസി ജംഗ്ഷൻ മുതൽ മഹാലക്ഷ്മി വരെയുള്ള ഭാഗത്ത് റോഡ് കൈയേറി അനധികൃത കച്ചവടം നടത്തുന്നത് ഒഴിവാക്കുന്നതിന് സബ് കളക്ടർ ഡോ. വിനയ് ഗോയലിന്റെ നേതൃത്വത്തിൽ പോലീസ്, ആർടിഒ, പൊതുമരാമത്ത്, റവന്യു വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങിയ ടീമിനെ നിയോഗിച്ചു. കൈയേറ്റം തടയുന്നതിന് നിരീക്ഷണം നടത്തും. ഓമല്ലൂർ മിലിറ്ററി കാന്റീനു സമീപം റോഡിലെ വാഹന പാർക്കിംഗ് ഒഴിവാക്കുന്നതിന് നടപടിയെടുക്കും. റാന്നി മേഖലയിലെ ശബരിമല റോഡിൽ സിസിടിവി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് (ഇലക്ട്രോണിക്സ്) വിഭാഗം സമർപ്പിച്ച 91 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരം നൽകി കേരള റോഡ് സേഫ്ടി അതോറിറ്റിക്ക് നൽകുന്നതിന് തീരുമാനമായി.

ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിലെയും മുഴുവൻ വിദ്യാർഥികൾക്കും റോഡ് സുരക്ഷ സംബന്ധിച്ച് നിർബന്ധിത ബോധവത്കരണ ക്ലാസ് നൽകുന്നതിന് ആക്ഷൻ പ്ലാൻ തയാറാക്കാൻ വിദ്യാഭ്യാസ വകുപ്പിന് നിർദേശം നൽകി. നിലവിൽ സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള റോഡ് സുരക്ഷാ ക്ലബുകളിലെ കുട്ടികൾക്കാണ് ക്ലാസ് നൽകി വരുന്നത്.

അപകടങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ 108 ആംബുലൻസിന്റെ സേവനം എല്ലാവരും പ്രയോജനപ്പെടുത്തണം. നിലവിൽ ജില്ലയിൽ 15 ആംബുലൻസുകളാണ് അനുവദിച്ചിട്ടുള്ളത്. ഏനാദിമംഗലം, എഴുമറ്റൂർ, വെച്ചൂച്ചിറ, ചിറ്റാർ കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പള്ളിക്കൽ, കൊക്കാത്തോട്, പന്തളം, വടശേരിക്കര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കോഴഞ്ചേരി ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി അടൂർ, ജനറൽ ആശുപത്രി പത്തനംതിട്ട, കോന്നി, മല്ലപ്പള്ളി, റാന്നി, തിരുവല്ല താലൂക്ക് ആശുപത്രികളിലായാണ് 108 ആംബുലൻസുകൾ സജ്ജമാക്കിയിട്ടുള്ളത്.

ജില്ലയിലെ 27 സ്കൂളുകളിൽ എസ്പിസിയുടെ നേതൃത്വത്തിൽ പോലീസ്, ആർടിഒ, ആരോഗ്യം, എക്സൈസ് എന്നിവയുടെ സഹകരണത്തോടെയും ഈമാസം 21 മുതൽ 23 വരെ റോഡ് സുരക്ഷ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ് നടത്തും. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ സ്കൂളുകളിലും റോഡ് അപകടങ്ങളും പ്രഥമ ശുശ്രൂഷയും സംബന്ധിച്ച് ക്ലാസുകൾ നടത്തും. ഹയർസെക്കൻഡറി തലത്തിലുള്ള എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാർക്ക് ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിന്റെ നേതൃത്വത്തിൽ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകി. ഈ അധ്യാപകർ മുഖേന സ്കൂളുകളിൽ പരിശീലനം നൽകും. സ്കൂളുകൾ പരിപാടി ക്രമീകരിക്കുന്ന മുറയ്ക്ക് ആരോഗ്യപ്രവർത്തകർ ക്ലാസുകളിൽ പങ്കെടുത്ത് ബോധവത്കരണം നൽകും. സ്ഥിരം അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ മാപ്പ് ചെയ്ത് നിരീക്ഷിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടിയെടുക്കും. അപകടസ്ഥലങ്ങൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ്‌വെയറും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിക്കുന്നതിനും തീരുമാനിച്ചു. എഡിഎം അലക്സ് പി തോമസ്, ആർടിഒ ജിജി ജോർജ്, നാർക്കോട്ടിക് സെൽ ഡിവൈഎസ്പി ആർ. പ്രദീപ് കുമാർ, ഡിഎംഒ(ആരോഗ്യം)ഡോ.എ.എൽ. ഷീജ, വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പിഎൻപി 3664/19)

**യോഗം മാറ്റിവച്ചു**

അടൂർ താലൂക്ക് ഓഫീസിൽ ഇന്ന്(17) ചേരാനിരുന്ന താലൂക്ക്തല എംപവേഡ് കമ്മിറ്റി യോഗം മാറ്റി വച്ചതായി തഹസീൽദാർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

(പിഎൻപി 3665/19)

**അഡ്മിറ്റ് കാർഡ്**

വെച്ചൂച്ചിറ നവോദയ വിദ്യാലയത്തിലെ ആറാം ക്ലാസിലേക്ക് ഓൺലൈൻ അപേക്ഷ നൽകിയവർക്ക് ജനുവരി 11ന് നടക്കുന്ന പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡുകൾ നവോദയ വിദ്യാലയ സമിതിയുടെ ംംം.ിമ്ോദെശെ്യഹമ്യമ്യം.ശി എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. കൂടുതൽ വിവരത്തിനും സഹായത്തിനും 04735265246 എന്ന നമ്പരിൽ ബന്ധപ്പെടണം. (പിഎൻപി 3666/19)

**നോർക്ക റൂട്ട്സ് മുഖേന കുവൈറ്റിലേയ്ക്ക് വനിത നഴ്സുമാർക്ക് അവസരം**

കുവൈറ്റിലെ പ്രമുഖ ആശുപത്രിയായ ശൃംഖലയായ റോയൽ ഹോം ഹെൽത്തിലേയ്ക്ക് വനിത നഴ്സുമാരെ നോർക്ക റൂട്ട്സ് മുഖേന തെരഞ്ഞെടുക്കും. കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവർത്തി പരിചയമുള്ള വനിത ബി.എസ്.സി/ജി.എൻ.എം നഴ്സുമാർക്കാണ് അവസരം. മെഡിക്കൽ/സർജിക്കൽ, എൻ.ഐ.സിയു, മെറ്റേർണിറ്റി, ജെറിയാട്രിക്സ് തുടങ്ങിയ മേഖലയിൽ പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന. 75,000

രൂപയാണ് ഏകദേശം ശമ്പളം. താല്പര്യമുള്ള ഉദ്യോഗാർഥികൾ www.norkaroots.org ൽ അപേക്ഷ സമർപ്പിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 31. കൂടുതൽ വിവരങ്ങൾ ടോൾ ഫ്രീ നമ്പരായ 18004253939 (ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം) ൽ ലഭിക്കും. (പിഎൻപി 3667/19)

**കുട്ടികൾക്കെതിരായ പീഡനം: തണലിൽ 66 കേസുകൾ റിപ്പോർട്ടു ചെയ്തു**

കുട്ടികൾക്കെതിരെയുണ്ടാകുന്ന പീഡനങ്ങളുമായി ബന്ധപ്പെട്ട് ശിശുക്ഷേമസമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന തണലിൽ 2017 നവംബർ മുതൽ ഇന്നലെ(16)വരെ 66 കേസുകൾ റിപ്പോർട്ട് ചെയ്തു. അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് അലക്സ്.പി.തോമസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന ജില്ലാ ശിശുക്ഷേമസമിതിയുടെ വാർഷിക അവലോകന യോഗം ഇക്കാര്യം വിലയിരുത്തി. ശിശുക്ഷേമസമിതിയുടെ 2018-19 ലെ 2,35,74,948.59 രൂപയുടെ വരവും, 2,34,90,800 രൂപയുടെ ചെലവും,84,148.59രൂപയുടെ മിച്ചവും കാണിക്കുന്ന ബജറ്റ് യോഗത്തിൽ ട്രഷറർ ആർ.ഭാസ്ക്കരൻനായർ അവതരിപ്പിച്ചു.എ.ഡി.സി.(ജനറൽ) വിമൽകുമാർ വരവുചെലവുകണക്കുകളുടെ ക്രോഡീകരണം നടത്തി. അമ്മത്തൊട്ടിൽ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ശിശുക്ഷേമസമിതിയുടെ നേതൃത്വത്തിൽ നടന്നു വരുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിച്ചു. ശിശുപരിപാലനകേന്ദ്രത്തിനു സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ കാര്യക്ഷമമായി നടന്നുവരുകയാണെന്നും, സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനും യോഗം തീരുമാനിച്ചു. യോഗത്തിൽ ശിശുക്ഷേമസമിതി സെക്രട്ടറി ജി.പൊന്നമ്മ, ജോയിന്റ് സെക്രട്ടറി എം,എസ്.ജോൺ, ജെ.ജെ.ബോർഡ് അംഗം പ്രൊഫ.എ.കെ.ശ്രീകുമാർ, തങ്കമണി നാണപ്പൻ, കലാനിലയം രാമചന്ദ്രൻ, സി.ആർ.കൃഷ്ണക്കുറുപ്പ്, ചന്ദ്രികാമുകുന്ദൻ, രാജേശ്വരൻ മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3668/19)

**ആർദ്രം ജനകീയ കാമ്പയിൻ; ജനപ്രതിനിധികളുടെ അടിയന്തരയോഗം നാളെ(18)**

സംസ്ഥാന സർക്കാരിന്റെ നവകേരള പദ്ധതിയുടെ ഭാഗമായി ആരോഗ്യവകുപ്പിൽ നടപ്പിലാക്കിവരുന്ന ആർദ്രം പദ്ധതി ജനകീയ പങ്കാളിത്തത്തോടെ മികവുറ്റതാക്കുന്നതിനായി പത്തനംതിട്ട ജില്ലയിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി ജനപ്രതിനിധികളുടെ അടിയന്തരയോഗം നാളെ(ഡിസംബർ 18) രാവിലെ 11ന് ജില്ലാ കളക്ടർ പി.ബി നൂഹിന്റെ അധ്യക്ഷതയിൽ

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. ഈ യോഗത്തിൽ ജില്ലയിലെ എം.പി, എംഎൽഎ മാർ, ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, മുൻസിപ്പൽ ചെയർപേഴ്സൺമാർ തുടങ്ങിയവർ പങ്കെടുക്കും. യോഗത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ തലവന്മാരും പങ്കെടുക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) ഡോ.എ.എൽ ഷീജ അറിയിച്ചു.

(പിഎൻപി 3669/19)

**ഫോട്ടോ അടിക്കുറിപ്പ്**

2) അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് അലക്സ്.പി.തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന ശിശുക്ഷേമസമിതിയുടെ വാർഷിക അവലോകന യോഗം.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.